# അന്യം നിന്നുപോവുന്ന സ്വാതന്ത്ര്യം

വർഗീസ് ഏബ്രഹാം, ഡെൻവർ

ഇന്നത്തെ മനുഷ്യൻ വസിക്കുന്നതു ഒരുപോസ്റ്റ് നൈൻ ഇലവൻ സമൂഹത്തിലാണ്. നൈൻ ഇലവൻ എന്നു കേൾക്കുമ്പോൾ മനുഷ്യമനസ്സുകളിൽ ഓടിയെത്തുന്നതു ട്വിൻടൗവ്വർ കത്തിയമരുന്നതിന്റെയൊരു ചിത്രമാണ്. ആ സംഭവം ലോകത്തേയും ലോകമനസ്സാക്ഷിയേയും പിടിച്ചുലച്ചു. ആർക്കും ഒരു കാലത്തും ചിന്തിയ്ക്കാൻ പോലുമാവാത്ത ഒരു സംഭവം! തൻമൂലം ലോകത്താകമാനമുള്ള മാനവവർഗ്ഗത്തിന്റെ സ്വതന്ത്രചിന്താഗതിയിൽ, നിത്യേത ജീവിതത്തിൽ ഒട്ടേറെ വ്യതിയാനങ്ങൾ സംഭവിച്ചു.

കമ്പ്യൂട്ടറിന്റെയും, ക്രിപ്റ്റോകറൻസിയുടേയും ഈ യുഗത്തിൽ സംസ്ക്കാരങ്ങളുടെ കളിത്തൊട്ടിലായിരുന്ന മദ്ധ്യപൂർവ്വേഷ്യയിൽ നിസ്സഹായ മനുഷ്യനെ അണിനിരത്തി കഴുത്തറുത്തു പച്ചരക്തം കുടിക്കുന്ന അധമ, പ്രാകൃതമനുഷ്യന്റെ മുഖം നാം കണ്ടു. സമാധാനപരമായി ജീവിച്ചിരുന്ന അനേകമനുഷ്യഹൃദയങ്ങളിൽ അരക്ഷിതാവസ്ഥയുടെ തകില്ലുണർത്തി. രണ്ടുകാലിൽ നിവർന്നു നിൽക്കുന്നു എന്ന ഒറ്റക്കാരണത്താൽ മാനവകുലത്തിൽ കടന്നുകൂടിയ ചിലർ മനുഷ്യമൃഗങ്ങളായി മാറി. മതവിശ്വാസങ്ങളുടെ പേരിൽ ആധുനിക മനുഷ്യന്റെ കഴുത്തിൽ കുരുക്കുകൾ മുറുകി. ഒരു കാലത്തു വർഗ്ഗീയത, വർണ്ണവെറി എന്നു ചിന്തിക്കുന്നതു പോലും ഒരു 'റ്റാബു' ആയി കരുതിയിരുന്ന നമ്മുടെ ഈ കർമ്മഭൂമിയിൽ തന്നെ വർണ്ണവെറി മജ്ജയും മേദസ്സും വച്ചു വീണ്ടും ഉണർന്നെണീക്കുകയായി. മനുഷ്യനു സഹജീവിയോടു വെറുപ്പു വീണ്ടും കൂടി വരുന്നതായ ഒരു കാലഘട്ടം! സ്വാതന്ത്ര്യം, ജനാധിപത്യം എന്നൊക്കെ പറയുന്നുണ്ടെങ്കിൽ തന്നെയും ഇതൊക്കെയും ചിലർക്കെങ്കിലും ഇന്നും കയ്യെത്താ ദൂരത്തിൽ! അയ്യായിരത്തിനും ആറായിരത്തിനും വർഷത്തെ സാംസ്ക്കാരിക പാരമ്പര്യം വിളിച്ചോതുന്ന നമ്മുടെ ഭാരതമഹാരാജ്യത്തു ഇന്നു ഒരുവന്റെ ഫ്രിഡ്ജിൽ ഏതുതരം ആഹാരപദാർത്ഥങ്ങൾ വയ്ക്കണമെന്നു അതതു സ്ഥലങ്ങളിലെ ചില മതസംഘടനകളാണു തീരുമാനിക്കേണ്ടി വരിക എന്നു പറഞ്ഞാൽ...? പിന്നെ മറ്റുള്ളവന്റെ ആജ്ഞാനുവർത്തികളായി പേടിച്ചു ജീവിയ്ക്കേണ്ടി വരുന്ന ഒരു സാഹചര്യം വീണ്ടും സംജാതമായാൽ...? എങ്ങനെ ചിന്തിക്കേണം, എന്തു വിശ്വസിക്കേണം, എന്ത് എഴുതേണം എന്നൊക്കെയുള്ള ഒരു സംവിധാനം നിലവിൽ വന്നാൽ...?

ഇന്ത്യൻ ഭരണഘടനയ്ക്കു രൂപഭാവന നൽകിയപ്പോൾ നെഹ്റുവും, അംബ്ദേകറുമൊക്കെ എന്തു വിശ്വസിക്കാനും അനുവർത്തിക്കാനും, പ്രചരിപ്പിക്കാനുള്ള ഒരവകാശം നൽകിയിരുന്നു. എന്നിരിക്കിലും, നമ്മുടെ മാതൃരാജ്യത്തു ഇപ്പോൾ കാണുന്നത് 'നിയന്ത്രിത സ്വാതന്ത്ര്യം' അല്ലെ എന്നു ചോദിച്ചു പോവുകയാണ്.

ഇവിടെ അമേരിക്കൻ മലയാളിക്ക് ഗൃഹാതുരത്വം കലശലായുണ്ട്. അതിനു പരിഹാരമെന്നോണം എല്ലാ ആഘോഷങ്ങളും കഥാകാലക്ഷേപങ്ങളും വളരെ ഭംഗിയായി, കാലോചിതമായി തന്നെ അവതരിപ്പിച്ചു സായൂജ്യമടയുന്നു. ഗൃഹാതുരത്വം എന്ന ഈ കുന്ത്രാണ്ടം എന്താണെന്നു നമുക്കിവിടെ ജനിച്ച കുട്ടികൾക്കറിയില്ല. നമ്മുടെ നിർബന്ധത്തിനു വഴങ്ങി അവർ നമ്മൾ പറയും വണ്ണം കഥയറിയാതെ ആടുന്നു.

നമ്മളിവിടെ ഒരു പുതിയ തലമുറയെ സൃഷ്ടിച്ചിരിക്കുകയാണ്, അമേരിക്കനും, ഇന്ത്യനും കൂടിക്കലർന്ന ഒരു 'സങ്കരവർഗ്ഗം'. അവർക്കു വീട്ടിൽ വരുമ്പോൾ അണിയാനൊരു കുപ്പായം, സമൂഹത്തിൽ ഇറങ്ങുമ്പോൾ അണിയാൻ മറ്റൊരു കുപ്പായം മലയാളിയുമല്ല, ഇന്ത്യനുമല്ല, അമേരിക്കനുമല്ല എന്നൊരു തോന്നൽ. ഈ ഇന്ത്യൻ അമേരിക്കൻ സമൂഹവുമായി നമ്മുടെ സംസർഗ്ഗവും, സംവാദവും എങ്ങനെ? സെപ്തംബർ പതിനൊന്നിനു ശേഷമുള്ള ഒരു കാലയളവിനെ അവർ എങ്ങനെ കാണുന്നു? എന്തോ, നമ്മൾ പറയുന്ന 'ലാങ്‌വേജ്' നല്ലൊരു ശതമാനം കുട്ടികൾക്കും മനസ്സിലാവുന്നില്ല.

നാം ഇവിടെയിരുന്നു മലയാളത്തിൽ എഴുതുന്നു, സംവദിക്കുന്നു. ഒരുവിധത്തിൽ പറഞ്ഞാൽ വിദേശമലയാളികളാണു മലയാളത്തോടു കൂടുതൽ കൂറു പുലർത്തുന്നതെന്നും തോന്നിപ്പോവും. മലയാളം സംസാരിക്കുന്ന, ചിലപ്പോൾ എഴുതുകയും വായിക്കുകയും ചെയ്യുന്ന കുട്ടികൾക്കു നമ്മുടെ യഥാർത്ഥ മലയാള കഥകൾ, കവനങ്ങൾ, നോവലുകൾ വായിച്ചു മനസ്സിലാക്കാൻ സംഗതമായ ഒരു ഭാഷയിലാണോ നാം എഴുതുന്നത്? മലയാളം പഠിപ്പിക്കുന്ന സ്കൂളുകൾ നമുക്കുണ്ടിവിടെ. അതിന്റെ അണിയറ പ്രവർത്തർ വളരെയധികം അഭിനന്ദനങ്ങളും അർഹിക്കുന്നു. ഈ പാശ്ചാത്യ സംസ്ക്കാരത്തിന്റെ വായു ശ്വസിക്കുന്ന കുട്ടികൾക്കു നമ്മുടെ എഴുത്തുകൊണ്ട് എന്തു പ്രയോജനം? അപ്പോൾ മലയാളക്കരയിലേയോ, അമേരിക്കയിലെ മുതിർന്ന തലമുറയെ മാത്രം ലക്ഷ്യമാക്കി നാം എഴുതുകയാണ്. ചിലപ്പോൾ ഈ ലേഖകന്റെ മാത്രം തോന്നലായിരിക്കും...? അമേരിക്കൻ മലയാളി സമൂഹത്തിൽ എഴുതുന്നവർ ഇരുന്നൂറ്, വായിക്കുന്നവർ ഏഴ് എന്ന അനുപാതത്തിലാണ് എന്നെവിടെയോ വായിച്ചപോലെ.

എഴുതുന്നവർ സമൂഹത്തിന്റെ ജിഹ്വ കൂടിയാണെന്നല്ലേ പറയപ്പെടുന്നത്? കൂടാതെ അവർ അതതു കാലത്തിന്റെ സൂചിക കൂടിയാണ്. ഒരു കാലത്തു എന്തും തുറന്നെഴുതുന്നതിൽ സ്വാതന്ത്ര്യമില്ലാതിരുന്ന സമൂഹത്തിൽ അർദ്ധരാത്രികളിൽ ചുവരെഴുത്തുകൾ പ്രത്യക്ഷപ്പെട്ടു–ചെറിയ, ചെറിയ ചുവരെഴുത്തുകൾ! തന്മൂലം ലോകത്തിലുണ്ടായ വലിയ മാറ്റം ചരിത്ര പുസ്തകങ്ങളിൽ നിന്നും നാം വായിച്ചിട്ടുണ്ട്. ലോകത്തിന്റെ മിക്ക ഭാഗങ്ങളിലും മനുഷ്യൻ സ്വതന്ത്രനായി നടന്നു. സ്വതന്ത്രമായി ചിന്തിക്കാനും, പ്രസംഗിക്കാനും, എഴുതാനുമുള്ള ഒരു സ്വാതന്ത്ര്യം. ഇന്നത്തെസ്ഥിതിയതല്ല; അതായതു എന്തും തുറന്നെഴുതാവുന്ന ഒരു കാലയളവിലല്ല ഇന്നത്തെ മനുഷ്യൻ ജീവിക്കുന്നത്. സ്വതന്ത്രമായി എഴുതാൻ സ്വാതന്ത്ര്യമുണ്ടായിരുന്നു എന്നു വിശ്വസിച്ചിരുന്ന നമ്മുടെ കൊച്ചു കേരളത്തിൽ, എന്തോ എഴുതിയതിന്റെ പേരിൽ ആ എഴുത്തുകാരനു എഴുതിയ കൈകൾ നഷ്ടമായി. ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനു മേൽ കടിഞ്ഞാൺ വീണിരിക്കുന്നു–ഒരു കടുംകെട്ട്. ആവിഷ്ക്കാര സ്വാതന്ത്ര്യം എന്നുള്ളതു പുസ്തകങ്ങളിൽ മാത്രമായി ഒതുങ്ങിക്കൂടുകയാണോ? ഫ്രാൻസിലെ ചാർലി ഹെബ്ദോ, ബംഗ്ലാദേശിലെ തസ്ലീമ നസ്രിൻ..., ഇന്നിതാ കർണ്ണാടകത്തിലെ ഗൗരീ ലങ്കേഷ്... ഇതു ചില ഉദാഹരണങ്ങൾ മാത്രം.

"മതേതരവാദികളായ എഴുത്തുകാർ ആയുസ്സിനു വേണ്ടി മൃത്യുഞ്ജയ ഹോമം നടത്തിയില്ലെങ്കിൽ ഗൗരീ ലങ്കേഷിന്റെ ഗതി വരും" എന്നു ഒരു വിവാദനായിക പറഞ്ഞതിന്റെ അച്ചടിമഷി ഇനിയും ഉണങ്ങിയിട്ടില്ല. ഭീഷണിയുടെ സ്വരങ്ങൾ അവിടവിടെയുമായി കേൾക്കുന്നു. "ഭയം എഴുത്തിന്റെ കൈയ്ക്കു പിടിച്ചിരിക്കുന്ന സമയമാണിത്", എന്നാണു ഏതാനും മാസങ്ങൾക്കു മുമ്പു

ഒരു ലേഖനത്തിൽ വായിച്ചത്.

ഓരോ വർഷം കഴിയുന്തോറും വലിയ മാറ്റങ്ങളാണു ലോകത്തിനു സംഭവിച്ചുകൊണ്ടിരിക്കുന്നത്. ലോകം മാറുന്നതിനനുസരിച്ചു ചിന്താഗതിയിൽ, ഭാഷയിൽ, സംസ്ക്കാരത്തിൽ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഭാഷ നശിക്കുമ്പോൾ സംസ്ക്കാരവും നശിക്കുന്നു എന്നാണല്ലോ പറയപ്പെടുന്നത്? മാറ്റങ്ങൾ നല്ലതല്ല എന്നല്ലിവിടെ വിവക്ഷിക്കുന്നത്. ഏതാണ്ട് നാലു വ്യാഴവട്ടക്കാലമായി ഈ പുഷ്ക്കരദ്വീപത്തിൽ വസിക്കുന്ന ഈ ലേഖകൻ പണ്ടു കണ്ടിരുന്ന അമേരിക്കൻ സംസ്ക്കാരമല്ല ഇന്നു കാണുന്നത്. മൾട്ടി കൾച്ചറലിസത്തിന്റെ ഒരു അതിപ്രസരം അല്ലെങ്കിൽ ഒരു തിരതല്ലൽ ഇന്നു വളരെ പ്രകടമാണിവിടെ. ഇതു ചില നാഷണലിസ്റ്റു സാമൂഹ്യ വിരുദ്ധ ശക്തികളുടെ ഗ്രൂപ്പുകളിൽ അസ്വസ്ഥതയും, പരിഭ്രാന്തിയും സൃഷ്ടിച്ചിട്ടുണ്ടോ എന്നു സംശയം. അതിന്റെയൊക്കെ ഉൽപ്പന്നമാണു റിച്ചഡ് സ്പെൻസറിനെപ്പോലെയുള്ള അഭിനവ മൂവ്മെൻസ്.

ഇന്നു നാം 'സംസാരിക്കുന്നതു' ഒരു ലോകഭാഷയിലാണ്. ഒരു കമ്പ്യൂട്ടർ ഭാഷ! അതുപയോഗിച്ചു നാം നാനാലോകരുമായി സംസാരിക്കുകാണ്. ഇന്റർനെറ്റിന്റെ ആവിർഭാവത്തോടു കൂടി നാമിന്നൊരു ആഗോളഗ്രാമത്തിലുമാണ് ജീവിക്കുന്നത്. ഒരിക്കൽ ഇംഗ്ലീഷു ഭാഷ മാത്രമറിഞ്ഞാൽ മതിയായിരുന്നു ലോകത്തെവിടെയും പോയി ആശയവിനിമയം നടത്താൻ. എന്നാൽ ഇന്നു കമ്പ്യൂട്ടർ ഭാഷയും അറിഞ്ഞിരിക്കണം. മനുഷ്യൻ ഒരു സൈബർ സംസ്ക്കാരത്തിന്റെ ഉൽപ്പന്നമായി മാറിപ്പോയി.

ഇന്നു ജനാധിപത്യത്തിന്റെ, നൂതന സാങ്കേതിക വൈദിദ്ധ്യമികവിന്റെ, സമ്പന്നതയുടെ, പരിഷ്ക്കാരത്തിന്റെ, പാരമ്യത്തിൽ നിൽക്കുന്ന യൂറോപ്യൻ രാജ്യങ്ങളുടെയോ നാമിന്നു ചവിട്ടു നിൽക്കുന്ന ഈ മണ്ണിലേയോ ആവിഷ്ക്കാര സ്വാതന്ത്ര്യം ചോദ്യം ചെയ്യപ്പെടുകയാണ്. വർഗ്ഗീയതയുടെയും, മതമൗലിക വാദത്തിന്റെയും കരാളഹസ്തങ്ങൾ മനുഷ്യസമൂഹത്തിനു നേരെ നീളുകയാണ്. ഇന്നു ഒരുവക മതാധിഷ്ഠിത നിയന്ത്രിത സ്വാതന്ത്ര്യത്തിന്റെ കൊടിക്കീഴിലാണു ആധുനിക ജനത എന്നു തോന്നി പോവുന്നു. നമുക്കിന്നു ഫ്രീഡം ഓഫ് സ്പീച്ച് ഉണ്ടെന്നിരിക്കിലും ഫ്രീഡം ആഫ്റ്റർ സ്പീച്ചു കൂടെയുണ്ടോ എന്നു കൂടെ ചിന്തിക്കേണ്ടതായിട്ടുണ്ട്. രണ്ടായിരത്തി പതിനേഴ് ഫെഡറൽ രജിസ്റ്റർ റിപ്പോർട്ടനുസരിച്ച് ഇമിഗ്രൻസിന്റെയോ, നാചുറലൈസ്ഡ് സിറ്റിസൺസിന്റെയോ സോഷ്യൽ മീഡിയായിലെ പോസ്റ്റിംഗുകൾ ഹോം ലാന്റ് സെക്യൂരിറ്റിക്കു നിരീക്ഷിക്കാനും, അതനുസരിച്ചു നിയമപരമായി നീങ്ങാനും വ്യവസ്ഥകളുണ്ടത്രേ.

ഇന്നു നാം ലോകത്തിന്റെ നാലു ദിക്കുകളേയും നമ്മുടെ കൈക്കുമ്പിളിലാക്കിയിരിക്കുകയാണ്. നാം വസിക്കുന്നതു ഒരു ബഹുസ്വര ആഗോള ഗ്രാമത്തിലാണെന്നു മുൻ സൂചിപ്പിച്ചല്ലോ? ഒരിക്കൽ മനുഷ്യൻ ഒരിടത്തു നിന്നും പിരിഞ്ഞു വീണ്ടും ഒരേ ഗ്രാമത്തിലേക്കു വരികയാണ്- ഒരു സൈബർ സംസ്ക്കാരത്തിൽ കൂടെ. നൂതന സാങ്കേതിക വിദ്യകൾ നമ്മുടെ വിരൽതുമ്പിലാണിന്ന്. അനേകകോടി മൈലുകൾക്കപ്പുറം അനേകായിരം വർഷങ്ങൾ അകലം തീർത്തു കഴിഞ്ഞിരുന്ന ചന്ദ്രനും, ചൊവ്വയുമൊക്കെ മനുഷ്യന്റെ കരവലയത്തിലാണിപ്പോൾ. ഇത്രത്തോളം വളർന്നു വലുതായ മനുഷ്യൻ എന്തേ സാംസ്ക്കാരികമായും, മാനസീകമായും ഇത്രത്തോളം പിന്നോക്കം പോവുന്നു? എന്തേ നാമിങ്ങനെ....?

"കാലിൽ നടന്നും, കാറിൽ ഇരുന്നും കാലത്തു തൊട്ടേ ഓട്ടം". എന്നാണല്ലോ. യേശുദാസ്

ഒരിക്കൽ പാടിയത്. നമ്മൾ ഓടുകയാണ്. ഡോളർ എന്ന ആ 'കൽഹാരപുഷ്പം' പറിച്ചെടുക്കാൻ. ഈ സാഹചര്യത്തിൽ നാമറിയാതെ എന്തൊക്കെയോ നമ്മിൽ നിന്നും ചോർന്നു പോവുന്നു.

ഒരു ചെറിയ കുടിയേറ്റ സമൂഹമായ നാം ഇന്നത്തെ ഈ സാഹചര്യത്തിൽ എന്ത്, എങ്ങനെ, എപ്പോൾ പ്രതികരിയ്ക്കേണം? അതിനു ക്രിയാത്മകമായ എന്തു ചലനം ഒരു പ്രവാസി സമൂഹത്തിനു സൃഷ്ടിക്കാൻ കഴിയും?

********